# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5850 | 28/03/2018-ൽ മറുപടിക്ക്

## ശ്വാസ് ക്ലിനിക്കുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.ദിവാകരൻ** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് മിനി ക്യാൻസർ സെന്ററുകൾ അരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ; | എ) | വർദ്ധിച്ചുവരുന്ന കാൻസർ രോഗികളുടെ ബാഹുല്യത്തിന് ആനുപാതികമായി എല്ലാ ജില്ലയിലും ഒരു പ്രധാന ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള കാൻസർ ചികിത്സാ സംവിധാനങ്ങൾ സജ്ജമാക്കുന്നതിന് കാൻസർ കെയർ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ 18 ആശുപത്രികളിലായി പ്രവർത്തിക്കുന്ന ഈ കേന്ദ്രങ്ങളിലൂടെ 40,000 ത്തിലധികം കീമോതെറാപ്പികളും മറ്റ് അനുബന്ധ കാൻസർ ചികിത്സാ രീതികളും നടത്തപ്പെട്ടിട്ടുണ്ട്.<br><br>ഇതു കൂടാതെ ഈ സാമ്പത്തിക വർഷം താഴെ പറയുന്ന 18 ജില്ലാ ആശുപത്രികളിൽ പാലിയേറ്റീവ് കീമോതെറാപ്പി സെന്ററുകൾ 'അഭയം' എന്ന പേരിൽ ആരംഭിക്കുന്നുണ്ട്.<br><br>1) തിരുവനന്തപുരം ജനറൽ ആശുപത്രി<br>2) പുനലൂർ താലൂക്കാശുപത്രി<br>3) കോട്ടയം ജനറൽ ആശുപത്രി<br>4) മാവേലിക്കര ജില്ലാശുപത്രി<br>5) എറണാകുളം ജനറൽ ആശുപത്രി<br>6) തൃശ്ശൂർ ജനറൽ ആശുപത്രി<br>7) തൊടുപുഴ ജില്ലാശുപത്രി<br>8) തിരൂർ ജില്ലാശുപത്രി<br>9) പാലക്കാട് ജില്ലാശുപത്രി<br>10) നല്ലൂർനാട് ട്രൈബൽ ആശുപത്രി<br>11) കണ്ണൂർ ജില്ലാശുപത്രി<br>12) കാസർകോഡ് ജനറൽ ആശുപത്രി<br>13) പത്തനംതിട്ട ജനറൽ ആശുപത്രി<br>14) കൊല്ലം ജില്ലാശുപത്രി<br>15) ആലപ്പുഴ ജനറൽ ആശുപത്രി<br>16) പറവൂർ ജില്ലാശുപത്രി<br>17) വടക്കാഞ്ചേരി ജില്ലാശുപത്രി<br>18) ഒറ്റപ്പാലം താലൂക്കാശുപത്രി |

| | | | |
|---|---|---|---|
| ബി) | പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ശ്വാസ് ക്ലിനിക്കുകൾ സ്ഥാപിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | വീട്ടിനുള്ളിലെ ഖര ഇന്ധനങ്ങളിൽ നിന്ന് ഉത്പാദിപ്പിക്കപ്പെടുന്ന പുകയും അന്തരീക്ഷ മലിനീകരണവും പുകയിലയുടെ ഉപയോഗവും കാരണം ശ്വാസകോശത്തിൽ വരുത്തുന്ന മാറ്റത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകുന്ന രോഗമാണ് COPD (Chronic Obstructive Pulmonary Disorder). ആസ്ത്മയുമായി ഏറെ സാമ്യമുള്ള ഈ രോഗത്തിന് ആശുപത്രികളിൽ വ്യക്തമായ പരിശോധന സംവിധാനം നിലവിലില്ലാത്തതിനാൽ ഒരേ ചികിത്സയാണ് നൽകിവരുന്നത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനായി COPD എന്ന രോഗത്തിന്റെ നിർണ്ണയത്തിനും നിയന്ത്രണത്തിനും സംസ്ഥാന ആരോഗ്യവകുപ്പ് ഇന്ത്യയിലാദ്യമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ശ്വാസ് (SWAS – Stepwise Approach for Airway Syndreome). സംസ്ഥാനത്തെ 14 ജില്ലാ ആശുപത്രികളിലും പുതുതായി ആരംഭിച്ച കുടുബാരോഗ്യ കേന്ദ്രങ്ങളിലും ആദ്യഘട്ടത്തിൽ ഈ പദ്ധതി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. |
| സി) | ശ്വാസ് ക്ലിനിക്കുൾ മുഖേന ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ? | സി) | ശ്വാസ് ക്ലിനിക്കുകളിൽ COPD എന്ന രോഗത്തിന്റെ നിർണ്ണയവും നിയന്ത്രണവും ചികിത്സയുമാണ് നൽകിവരുന്നത്. രോഗലക്ഷണങ്ങൾ കൊണ്ട് ഏറെ സാമ്യതയുള്ള ആസ്മയിൽ നിന്നും COPD തിരിച്ചറിയുന്നതിനുള്ള പ്രധാന പരിശോധനയായ Pulmonary Function Test നിർവ്വഹിക്കുന്നതിനുള്ള Spriometer എന്ന ഉപകരണം എല്ലാ ശ്വാസ് ക്ലിനിക്കുകളിലും ലഭ്യമാക്കിയിട്ടുണ്ട്. രോഗനിർണ്ണയം നടത്തി കഴിഞ്ഞാൽ COPD രോഗികൾക്ക് ഇഞ്ചക്ഷനുകൾ പരമാവധി ഒഴിവാക്കിക്കൊണ്ട് Aerosol മരുന്നുകളും (ഇൻഹേലർ തെറാപ്പി) ഓക്സിജനും നൽകിവരുന്നു,. ഇതിനായുള്ള ഓക്സിജൻ കോൺസൺട്രേറ്റർ, പൾസ് ഓക്സിമീറ്റർ, ഇൻഹേലർ മരുന്നുകൾ, Spacing device എന്നിവ എല്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനുപുറമേ Tobacco cessation clinic, ശ്വാസകോശ വ്യായാമം എന്നിവ പരിശീലിപ്പിക്കുന്നതിനും ബോധവത്ക്കരണത്തിനും ശ്വാസ് ക്ലിനിക്കുകളിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്. ഇതിനായുള്ള പരിശീലനം ഈ സെന്ററുകളിൽ എല്ലാ ജീവനക്കാർക്കും നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ